047647

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ്- സമഗ്ര കേരള വികസനം - ഹരിതകേരളം പദ്ധതിയിലെ ഘടകമായ കൃഷി വികസനം 'സുജലം സുഫലം' എന്ന പേരിൽ നടപ്പിലാക്കുന്നത് - തത്വത്തിൽ അംഗീകാരം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**കൃഷി (ആസൂത്രണം-ബി) വകുപ്പ്**

സ.ഉ(എം.എസ്) നമ്പർ.151/16/കൃഷി തീയതി, തിരുവനന്തപുരം 08.11.2016

==========================================================================

പരാമർശം: 1) 28.09.2016 ലെ സ.ഉ.(പി) നം. 41/2016/ആ.സാ.വ.
2) കൃഷി വകുപ്പ് ഡയറക്ടറുടെ01.11..2016-ലെ റ്റി.പി(2)/42899/2016 നമ്പർ കത്ത്.
3) 04.11.2016 ലെ സ.ഉ.(പി)നം.49/16/ആ.സാ.വ.

**<u>ഉത്തരവ്</u>**

കേരളത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി,ജന സൗഹൃദ സർക്കാർ ആശുപത്രികൾ,സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി, ഹരിതകേരളം പദ്ധതി എന്നീ 4 ബൃഹത്തായ പദ്ധതികൾ 5 വർഷം കൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചുകൊണ്ട് പരാമർശം(1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവ് പ്രകാരം വീടുകൾ തോറുമുള്ള കൃഷി സാധ്യതയ്ക്കു പുറമെ പച്ചക്കറിയിലും മറ്റ് അടിസ്ഥാന കൃഷി ഉൽപ്പന്നങ്ങളിലും സ്വയം പര്യാപ്തത നേടാൻ ഉതകുന്ന വിധത്തിൽ പൊതുവായ ഇടപെടലുകളാണ് കൃഷി വികസന മിഷൻ ലക്ഷ്യമിടുന്നത്. ജില്ലയിൽ തരിശുകിടക്കുന്ന സ്ഥലങ്ങൾ കൃഷിക്കുവേണ്ടി ഉപയോഗപ്പെടുത്താനുള്ള സാധ്യതയും പ്രാദേശികമായി സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ വ്യാപകമായ പച്ചക്കറി, ഇതര കൃഷിരീതികൾ പ്രാബല്യത്തിൽ കൊണ്ടുവരികയും കാർഷികോത്പന്നങ്ങളെ വിപണിയുമായി ബന്ധിപ്പിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യാൻ കൃഷി മിഷൻ ലക്ഷ്യമിടുന്നുണ്ട്.

2) ഹരിതകേരളം പദ്ധതിയിലെ കൃഷി വികസനം എന്ന ഘടകം 'സുജലം സുഫലം' എന്ന പേരിൽ കൃഷി വകുപ്പിൽ നടപ്പിലാക്കുവാൻ പരാമർശം (2) പ്രകാരം കൃഷി ഡയറക്ടർ സർക്കാരിൽ ശുപാർശ സമർപ്പിക്കുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന "സുജലം സുഫലം" പദ്ധതി ചുവടെ വിശദീകരിക്കുന്ന ലക്ഷ്യങ്ങളോടും പ്രവർത്തനങ്ങളിലൂടെയും മിഷൻ മാതൃകയിൽ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**<u>I പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ</u>**

- കൂടുതൽ ഉൽപാദിപ്പിച്ച് കൂടുതൽ വരുമാനം നേടുക
- ഓരോ വിളയ്ക്കും അനുയോജ്യമായ പ്രദേശങ്ങൾ കണ്ടെത്തി അവിടെ പ്രത്യേക കാർഷിക മേഖലകൾക്ക് രൂപം നൽകി കർഷക കൂട്ടായ്മയുടെ പങ്കാളിത്തത്തോടെ ശാസ്ത്രീയമായ കൃഷി നടപ്പിലാക്കി പരമാവധി ഉൽപാദനം കൈവരിക്കുക
- കാർഷിക ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വില കർഷകർക്ക് ലഭിക്കത്തക്ക രീതിയിൽ വിപണി സംവിധാനം പരിഷ്കരിക്കുക
- സംസ്ഥാനത്ത് സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ (Safe to eat) ഉല്പാദനം പ്രോത്സാഹിപ്പിക്കുക
- രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം പരമാവധി കുറച്ച് പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുക

- ലാഭകരമായ കൃഷിയിലൂടെയും മൂല്യവർദ്ധിത സംരംഭങ്ങളിലൂടെയും കാർഷിക മേഖലയിൽ പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക
- രാജ്യത്തെ സമ്പദ് വ്യവസ്ഥയിൽ കാർഷികമേഖലയുടെ സംഭാവന ത്വരിതപ്പെടുത്തുക
- കൃഷിഭൂമികൾക്കും കാർഷിക പ്രവർത്തനങ്ങൾക്കും മെച്ചപ്പെട്ട ജലസേചന സൗകര്യം ഉറപ്പുവരുത്തുക
- യന്ത്രവത്ക്കരണം എത്തിച്ചേരാത്ത മേഖലകളിൽ വ്യാപകമായി യന്ത്രവത്ക്കരണം പ്രാവർത്തികമാക്കി ഉൽപാദനച്ചെലവ് കുറയ്ക്കുക
- വിവിധ വകുപ്പുകളുടെ പദ്ധതികളുമായി സമന്വയിപ്പിച്ച് ഫലപ്രദമായി പദ്ധതികൾ നടപ്പിലാക്കുക
- പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണവും ഗുണമേൻമയുള്ള വിത്തുകളുടെ ലഭ്യതയും ഉറപ്പു വരുത്തുക
- പരിസ്ഥിതിക്ക് ഇണങ്ങുന്ന നല്ല കാർഷിക പരിചരണ മുറകൾ അവലംബിച്ച് കൃഷി നടപ്പിലാക്കുക
- മെച്ചപ്പെട്ട സംഭരണം ഉറപ്പുവരുത്തിയും മൂല്യാധിഷ്ഠിത സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയും കർഷകരുടെ ഉൽപന്നങ്ങൾക്ക് ന്യായമായ വില ഉറപ്പുവരുത്തുക
- ഉൽപാദകരെയും വിപണിയെയും ബന്ധപ്പെടുത്തുന്ന രീതിയിൽ ഒരു വിപണന പോർട്ടലിന് രൂപം നൽകുക
- ഗാർഹിക മാലിന്യങ്ങളെ സംസ്കരിച്ച് വളമാക്കി മാറ്റി അവ ഉപയോഗിച്ച് കൃഷി സാധ്യമാക്കുക

## II"സുജലം സുഫലം"പദ്ധതി വിഭാവനം ചെയ്യുന്ന പ്രവർത്തനങ്ങൾ

### എ) മാലിന്യ സംസ്കരണം

- മണ്ണിര കമ്പോസ്റ്റ്, റൂറൽ കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവ സ്ഥാപിച്ച് വീട്ടുവളപ്പിലെയും പൊതുസ്ഥലങ്ങളിലെയും ജൈവ മാലിന്യങ്ങളും വിള അവശിഷ്ടങ്ങളും സംസ്കരിച്ച് വളമാക്കിയും ഇന്ധനമാക്കിയും മറ്റ് മൂല്യവർദ്ധിത ഉൽപന്നമാക്കിയും മാറ്റി കൃഷിക്കായി ഉപയോഗിക്കുക
- നഗരങ്ങളിലെ ഗാർഹിക അവശിഷ്ടങ്ങൾ സംസ്കരിച്ച് ഉണ്ടാക്കുന്ന ജൈവ വളങ്ങളും അടുക്കളയിൽ നിന്നുള്ള മലിനജലവും ഉപയോഗിച്ച് സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിന് **മിനി പോളിഹൗസു**കളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുക

### ബി) നെൽകൃഷി വികസനം

- നെൽകൃഷിയുടെ വിസ്തീർണ്ണം നിലവിലുള്ള 2 ലക്ഷം ഹെക്ടറിൽ നിന്നും 3 ലക്ഷം ഹെക്ടറായി ഉയർത്തുക, ഇതിനായി നിലവിലുള്ള നെൽപാടങ്ങളിൽ കൃഷിയിറക്കുന്നതിനോടൊപ്പം തരിശുനിലങ്ങൾ, കരനിലങ്ങൾ എന്നിവയിൽ പരമാവധി കൃഷിയിറക്കുക
- പ്രത്യേക നെല്ലിനങ്ങളുടെയും പരമ്പരാഗത നെല്ലിനങ്ങളുടെയും കൃഷി പ്രോത്സാഹിപ്പിക്കുക
- കുട്ടനാട്, തൃശ്ശൂർ, പാലക്കാട്, വയനാട് എന്നീ പ്രദേശങ്ങളിൽ നെല്ലിനായി പ്രത്യേക കാർഷിക മേഖല രൂപീകരിച്ച് പരമാവധി ഉൽപാദനവും മെച്ചപ്പെട്ട വിപണന സൗകര്യവും ഉറപ്പ് വരുത്തുക
- നെൽവർഷത്തിന്റെ ഭാഗമായി കുട്ടികളെ നെൽകൃഷിയുമായി പരിചയപ്പെടുത്തി വരുംതലമുറയിൽ കൃഷിയോടുള്ള ആഭിമുഖ്യം വളർത്തിയെടുക്കുക

### സി) പച്ചക്കറി കൃഷി വികസനം

- വീട്ടുവളപ്പിലെ കൃഷി, സ്കൂൾ പച്ചക്കറി കൃഷി, വിവിധ സ്ഥാപനങ്ങളിലെ കൃഷി, തരിശുനില കൃഷി എന്നിവ നടപ്പിലാക്കി പച്ചക്കറി കൃഷിയിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുക
- പച്ചക്കറിക്കൃഷിക്ക് അനുയോജ്യമായ പ്രദേശങ്ങളെ കണ്ടെത്തി അവിടെ പ്രത്യേക കാർഷിക മേഖലകളായി തരംതിരിച്ച് വായ്പാ സൗകര്യം, മേൽത്തരം വിത്ത്, മറ്റ് ഉൽപാദനോപാധികൾ, യന്ത്രവത്ക്കരണം എന്നിവ ലഭ്യമാക്കി നല്ല കാർഷിക മുറകൾ അവലംബിച്ച് കർഷക കൂട്ടായ്മയിലൂടെ സുരക്ഷിത പച്ചക്കറികളുടെ പരമാവധി ഉൽപാദനം കൈവരിക്കുക

- ഉൽപന്നങ്ങളുടെ സംഭരണവും വിപണനവും ശക്തമാക്കി പുതുമ നഷ്ടപ്പെടാതെ അവ കൃഷിയിടങ്ങളിൽ നിന്നും വിപണിയിലേയ്ക്ക് എത്തിച്ച് കർഷകന് മികച്ച വരുമാനം ഉറപ്പ് വരുത്തുക

**ഡി) തെങ്ങുകൃഷി**

- ഉൽപാദനക്ഷമതയുള്ള തെങ്ങിൻതോട്ടങ്ങളുടെ സമഗ്ര വികസനം ഉറപ്പ് വരുത്തുക
- ഒരു പ്രദേശത്തെ പ്രായാധിക്യം വന്നതും രോഗബാധിതവും ഉൽപാദന ക്ഷമതയില്ലാത്തതുമായ തെങ്ങുകൾ മുറിച്ചുമാറ്റി അവിടെ ശാസ്ത്രീയമായ രീതിയിൽ ഉൽപാദനക്ഷമതയുള്ള കുറിയ/സങ്കരയിനം തെങ്ങിൻതൈകൾ നട്ടുപിടിപ്പിച്ച് ഉൽപാദന വർദ്ധനവ് കൈവരിക്കുന്നതിനോടൊപ്പം വിളവെടുപ്പ് അനായാസകരമാക്കുക
- മൂല്യവർദ്ധിത ഉൽപന്നങ്ങളായ നീര, ശുദ്ധമായ തെങ്ങിൻ കള്ള് എന്നിവയ്ക്ക് മികച്ച വിപണി ഉറപ്പ് വരുത്തി കൃഷിക്കാരന്റെ വരുമാനം മെച്ചപ്പെടുത്തുക
- തെങ്ങിന് രൂക്ഷമായ നാശനഷ്ടം വരുത്തുന്ന കൊമ്പൻചെല്ലി, ചെമ്പൻചെല്ലി എന്നീ കീടങ്ങളെയും ഓലചീയൽ, മണ്ടചീയൽ തുടങ്ങിയ രോഗങ്ങളെയും ഫലപ്രദമായി നിയന്ത്രിക്കുന്നതിന് ക്യാമ്പെയിൻ സംഘടിപ്പിക്കുക

**ഇ) പൂകൃഷി**

- ഇടുക്കി, വയനാട് ജില്ലകളെ കേന്ദ്രീകരിച്ച് പൂകൃഷിക്ക് ഒരു പ്രത്യേക കാർഷിക മേഖല രൂപീകരിച്ച് അവിടെ പൂക്കളുടെ ഉൽപാദനവും വിപണനവും ശക്തമാക്കുക

**എഫ്) യന്ത്രവത്ക്കരണം**

- കാർഷിക പ്രവൃത്തികൾ യഥാസമയം മികച്ച രീതിയിൽ നടപ്പിലാക്കുന്നതിന് വൈദഗ്ധ്യമുള്ള കർഷകത്തൊഴിലാളികളുടെ സേവനം അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ, കസ്റ്റം ഹയറിംഗ് സെന്ററുകൾ എന്നിവ മുഖേന ഉറപ്പ് വരുത്തുക
- കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നിർവ്വഹിക്കുന്നതിന് അഗ്രോ മെഷിനറി മെയിന്റനൻസ് സെന്ററുകൾ ഓരോ ജില്ലയിലും സ്ഥാപിക്കുക

**ജി) സംയോജിത കൃഷി**

- കൃഷി, മൃഗസംരക്ഷണം, കോഴി വളർത്തൽ, മത്സ്യകൃഷി, തേനീച്ച കൃഷി തുടങ്ങിയ കാർഷിക അനുബന്ധ മേഖലകളെ പരസ്പര പൂരകങ്ങളായി ഏകോപിപ്പിച്ചുകൊണ്ട് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്ന രീതിയിൽ സംയോജിത കൃഷി മാതൃകകൾ നടപ്പിലാക്കുക

**എച്ച്) പട്ടിക വർഗ്ഗ ഊരുകളിൽ കൃഷി**

- ഭക്ഷ്യ സുരക്ഷ, പോഷക സുരക്ഷ എന്നിവ ഉറപ്പ് വരുത്തുന്നതിനായി ചെറു ധാന്യങ്ങൾ, പച്ചക്കറി, പയർവർഗ്ഗങ്ങൾ എന്നിവയോടൊപ്പം ഈ മേഖലകളിലെ തനതായ കാർഷിക വിളകളുടെ കൃഷിയും പ്രോത്സാഹിപ്പിക്കുക

**ഐ) വിള ആരോഗ്യ പരിപാലനം**

- ചിട്ടയായ കീടരോഗ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതി സൗഹൃദ സംയോജിത കീട നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിച്ച് ഫലപ്രദമായ കീടരോഗനിയന്ത്രണം സാധ്യമാക്കുക
- എല്ലാ പഞ്ചായത്തിലും വിള ആരോഗ്യ ക്ലിനിക്കുകൾ ആരംഭിച്ച് കർഷകർക്ക് യഥാസമയം രോഗകീട നിയന്ത്രണത്തിനുള്ള മാർഗ്ഗ നിർദ്ദേശം നൽകുക

**ജെ) വിപണനം**

- നല്ല കാർഷിക മുറകൾ അവലംബിച്ച് കേരളത്തിൽ ഉൽപാദിപ്പിക്കുന്ന കാർഷിക ഉൽപന്നങ്ങൾക്ക് മികച്ച വില ഉറപ്പ് വരുത്തുന്നതിന് ഇക്കോഷോപ്പുകൾ കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കുക
- ഇടനിലക്കാരെ ഒഴിവാക്കി കർഷകരുടെ ഉൽപന്നങ്ങൾ നേരിട്ട് വിപണനം നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ നൽകി കൊണ്ട് പഞ്ചായത്തുതോറും ആഴ്ചച്ചന്തകൾ സജ്ജമാക്കുക

- ഓരോ കർഷകന്റെയും കൃഷിയിടങ്ങളിൽ സ്ഥിരമായി സന്ദർശിച്ച് വിളകളുടെ ആരോഗ്യ സ്ഥിതി രേഖപ്പെടുത്തുന്നതിനും പ്രശ്നങ്ങൾ ബന്ധപ്പെട്ടവരെ അറിയിച്ച് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും ലഭ്യമായ കാർഷിക ഉൽപന്നങ്ങളുടെ കണക്കുകൾ ശേഖരിച്ച് മെച്ചപ്പെട്ട വിപണന സൗകര്യങ്ങൾ ഒരുക്കുന്നതിനും കൃഷിവകുപ്പിന്റെയും കർഷകരുടെയും ഇടയിലുള്ള ഒരു കണ്ണിയായി പ്രവർത്തിക്കുന്നതിന് തദ്ദേശീയരായ **'കർഷകമിത്രങ്ങ'**ളുടെ സേവനം പ്രയോജനപ്പെടുത്തുന്നതാണ്. ഈ പ്രവർത്തനങ്ങൾ കർഷകമിത്രങ്ങൾക്ക് ഒരു സ്വയംതൊഴിൽ സംരംഭമായിരിക്കും.
- കർഷകരുടെയും കൃഷിവകുപ്പിന്റെയും മറ്റ് ഏജൻസികളുടെയും ഉൽപന്നങ്ങൾ സംബന്ധിച്ച വിവരങ്ങൾ മുൻകൂട്ടി ഓൺലൈൻ വഴി രേഖപ്പെടുത്തുന്നതിനും ആവശ്യക്കാർക്ക് അവരുടെ ആവശ്യകത രേഖപ്പെടുത്തുന്നതിനും ഉൽപാദകരെ കണ്ടെത്തി കച്ചവടം ഉറപ്പിക്കുന്നതിനും സഹായകരമായ ഒരു **'വിപണന പോർട്ടലി'ന്** രൂപം നൽകുന്നതാണ്. ഇത് പ്രവർത്തനക്ഷമമാകുമ്പോൾ കർഷക കൂട്ടായ്മകൾക്ക് അവരുടെ ഉൽപാദനം വിപണിക്കനുസൃതമായി ക്രമപ്പെടുത്തുവാനും ആവശ്യക്കാരെ കണ്ടെത്തി ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വില നേടിയെടുക്കുവാനും സാധിക്കും.

**കെ) അഗ്രോപാർക്കുകളും അഗ്രി ബിസിനസ്സ് കമ്പനിയും**

- കേരളത്തിന്റെ പ്രമുഖ വിളകളായ നെല്ല്, തെങ്ങ്, പച്ചക്കറി, വാഴ, സുഗന്ധവ്യഞ്ജനങ്ങൾ, റബ്ബർ, ചക്ക, തേൻ എന്നിവയുടെ മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ ഉൽപാദനം, വിപണനം എന്നിവ സാധ്യമാക്കുന്നതിന് ചെറുകിട-ഇടത്തര അഗ്രോപാർക്കുകളുടെ ഒരു ശൃംഖല സജ്ജമാക്കുക
- അഗ്രോപാർക്കുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി 'അഗ്രി ബിസിനസ്സ് കമ്പനി' രൂപീകരിക്കുക

3) സുജലം സുഫലം പദ്ധതി കർഷക കൂട്ടായ്മയിലൂടെ നടപ്പിലാക്കി കർഷകനെ കാർഷിക സംരംഭകനായി ഉയർത്തി സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുവാനാണ് ലക്ഷ്യമിടുന്നത്.

4) പരാമർശം (3) പ്രകാരം നവകേരള ദൗത്യത്തിലെ നാല് മിഷനുകളെ സംബന്ധിച്ച് താഴെപ്പറയുന്ന പൊതു തീരുമാനങ്ങൾ കൈക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

- നവകേരള ദൗത്യത്തിലെ നാല് മിഷനുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുന്നതിനുള്ള ചുമതല മിഷന്റെ എംപവേഡ് കമ്മിറ്റിയ്ക്കായിരിക്കും.
- മിഷനുകളുടെ ഈ വർഷത്തെ വാർഷിക പദ്ധതിയ്ക്ക് എംപവേഡ് കമ്മിറ്റി അന്തിമ രൂപം നൽകേണ്ടതാണ്. ഈ വർഷത്തെ പദ്ധതിയുടെ നടത്തിപ്പിന് അധിക വിഭവം ആവശ്യമുണ്ടെങ്കിൽ അതിന് എംപവേഡ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ധനകാര്യവകുപ്പിന്റെ അനുമതി തേടേണ്ടതാണ്.
- മിഷനുകളുടെ സുഗമമായ നടത്തിപ്പിന് അത്യാവശ്യം വേണ്ട തസ്തികകൾ സൃഷ്ടിക്കുന്നതിന് എംപവേഡ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ധനകാര്യ വകുപ്പിന്റെ അനുമതി തേടേണ്ടതാണ്.
- മിഷന്റെ പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുമായി ബന്ധിപ്പിക്കുന്നതിന് എംപവേഡ് കമ്മിറ്റി ചർച്ച ചെയ്ത് തീരുമാനം കൈക്കൊണ്ട് നടപടി സ്വീകരിക്കേണ്ടതാണ്.
- ഒന്നാംവർഷം ഒഴിച്ചുള്ള തുടർ വർഷങ്ങളിലെ മിഷനുകളുടെ പ്രവർത്തനങ്ങൾക്കായുള്ള പദ്ധതികൾ പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എംപവേഡ് കമ്മിറ്റി അംഗീകരിച്ച് പ്ലാനിംഗ് ബോർഡിന് നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതാണ്.

- മിഷനുകളുടെ അടുത്ത വർഷത്തേയ്ക്കുള്ള പ്രവർത്തനങ്ങൾക്കായുള്ള നിർദ്ദേശങ്ങൾ 2017-18 ലെ വാർഷിക പദ്ധതി രേഖയിൽ ഉൾക്കൊള്ളിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിക്കേണ്ടതാണ്.

നവകേരള ദൗത്യത്തിലെ മിഷനുകളെ സംബന്ധിച്ച പ്രസ്തുത തീരുമാനങ്ങൾ ഹരിത കേരളം പദ്ധതിയിലെ സുജലം സുഫലം ഘടകത്തിനും ബാധകമായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ.രാജു നാരായണ സ്വാമി**

കാർഷികോൽപ്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്/ ധനകാര്യ വകുപ്പ്
ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് .
ഡയറക്ടർ, മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ്.
വൈസ് ചെയർമാൻ. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം.
കൃഷി വകുപ്പിന് കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും(കൃഷി ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ കളക്ടർ മാർക്കും
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും (കൃഷി ഡയറക്ടർ മുഖേന)
പൊതുഭരണ (എസ് സി) വകുപ്പ് (ഇനം.നമ്പർ 433)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

S.k

**സെക്ഷൻ ഓഫീസർ**